(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതിന് പുറമേ, വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിന്നതിനും അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഉണ്ട്.

(ബി) നിർവ്വഹണ ഏജൻസികൾക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാ സമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർക്ക് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യമുണ്ട്.

(സി) സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളം (IIITK) എന്ന സ്ഥാപനമാണ് പ്ലാൻ സ്പെയ്സ് ഒരുക്കാനായിവേണ്ട സാങ്കേതിക സഹായം നൽകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ വിവരങ്ങൾ നൽകുന്നതിന് സഹകരിക്കുന്നു.

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

66 (1464) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവ ഓരോന്നിനും 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക അനുവദിച്ചിരുന്നു ; അതിൽ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ ;

(സി) ഇതിൽ സംസ്ഥാനം വിഹിതം നൽകേണ്ടുന്ന പദ്ധതികൾ ഏതെല്ലാം ; അവ ഓരോന്നിനും സംസ്ഥാന സർക്കാർ എന്ത് തുക നീക്കിവച്ചുവെന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധം ആയി ചേർക്കുന്നു.*

(സി) സംസ്ഥാന വിഹിതം നൽകേണ്ടുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്

67 (1466) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് എപ്പോഴാണ് ആരംഭിച്ചത് ; അന്തിമ ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയും ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ചുള്ള മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന് ജാതി സെൻസസ് പ്രകാരമുള്ള ലിസ്റ്റ് ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് വിവരശേഖരണം 2012 ഏപ്രിൽ 10-ന് ആരംഭിച്ചു. അന്തിമ ലിസ്റ്റ് 2015 മാർച്ച് 31-ന് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം ശേഖരിക്കപ്പെട്ട വിവരങ്ങളെ ആധാരമാക്കി ബി.പി.എൽ. കുടുംബങ്ങളെ തെരഞ്ഞെടുക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

(സി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് നിലവിലെ റേഷൻ കാർഡ് ഡാറ്റായുമായി ബന്ധപ്പെടുത്താവുന്ന യാതൊരുവിധ ഘടകങ്ങളും ജാതി സെൻസസ് പ്രകാരമുള്ള പട്ടികയിൽ ഇല്ലാത്തതിനാൽ ഉപയോഗപ്പെടുത്തുവാൻ കഴിയുകയില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly